
# ബഥേൽ പത്രിക

വാല്യം-9 ❑ ഫെബ്രുവരി-1996 ❑ ലക്കം-2



# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.)

❑ ഫെബ്രുവരി 1996 ❑

## ഉള്ളടക്കം


മുഖമൊഴി

ഇടയലേഖനം

| | | |
|---|---|---|
| ധ്യാനം | 6 | സജി അമയിൽ |
| [illegible]ഹത്തിന്റെ നിറവ് | 8 | മിനിമോൾ ജോൺസൺ |
| വിശപ്പ് | 9 | ആലാ രാജൻ |
| ഷാപ്പുകൾ പൂട്ടിയാൽ | 10 | ഫാ. അലക്സാണ്ടർ കൂടാരത്തിൽ |
| കിസ് | 13 | ബിനോയ് പി. ജോർജ് |
| വചന ശുശ്രൂഷ | 14 | ഫാ. സി.ജെ.ജോർജ് |
| മരം ഒരു വരം | 16 | സെബി പുഞ്ചക്കോണം |
| ആത്മാവിലും സത്യത്തിലും | 17 | റ്റി.സി.ജോൺ, മാരാമൺ |
| ഒരു ബാലൻ | 19 | കുര്യൻ ചെറുകാലേത്ത് |
| ദൈവ സാന്നിദ്ധ്യ ബോധം | 20 | പി.കെ. കോരുത് |

വാർത്തകൾ, ബാലപത്രിക.


## പത്രാധിപ സമിതി


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | : | തോമസ് മാർ അത്തനാസിയോസ് |
| ചീഫ് എഡിറ്റർ | : | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ |
| അംഗങ്ങൾ | : | വെരി. റവ. പി.ജി. ജോർജ് കോർ എപ്പിസ്കോപ്പാ, ഫാ. പി.ജി. ജോർജ്, ഫാ. പി. വി. ജോൺ, ഫാ.ഐപ്പ് പി.സാം. ഡോ. കെ.എം. തരകൻ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, ജേക്കബ് ഉമ്മൻ, പ്രൊഫ. സൂസി. ഏബ്രഹാം |
| സർക്കുലേഷൻ മാനേജർ | : | എം.എ. ജേക്കബ്. |


## മുഖമൊഴി

**ക**ൺവൻഷൻ വേദികളിൽ കലാപം. / അടുത്തകാലത്ത് നിരവധി റിപ്പോർട്ടുകൾ ഉണ്ടാകുന്നു. ഓർക്കുക, സുവിശേഷയോഗങ്ങളാണു സംഘട്ടനത്തിൽ കലാശിക്കുന്നത്. കല്ലേറിലും. എന്തുകൊണ്ടിതു സംഭവിക്കുന്നു...?

മനുഷ്യരെ നന്മനിറഞ്ഞവരാക്കി നീതിയും ധർമ്മവും ഉള്ള ദൈവരാജ്യത്തിൽ പങ്കാളികളാക്കുക എന്നതാണു കൺവൻഷന്റെ ലക്ഷ്യം. അനീതിനിറഞ്ഞ സമൂഹത്തിൽ ജീവിതത്തിനു മാറ്റം വരുത്തുവാൻ ആഗ്രഹിക്കാത്തവർ പ്രസംഗകരും ശ്രോതാക്കളുമായി എത്തുമ്പോൾ അതിൽ വ്യാപരിക്കുന്നത് കച്ചവട മനസ്ഥിതിയാകും. ദൈവവചനം നീതിപൂർവ്വം ഉൾക്കൊള്ളാൻ കഴിയാതെ വരും. പിന്നെ എല്ലാം സങ്കുചിതമാകും. വിദ്വേഷം പരത്തുന്ന വചനങ്ങളാകും പ്രസരിതമാക്കുന്നത്.

മതബഹുല സംസ്ക്കാരത്തിൽ ദൈവവചനം അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുമ്പോൾ അത് മൗലികവാദമാകും. ദൈവവചനത്തിൽ വർഗീയത പുകയും. ഇതര വിശ്വാസത്തെ മുറിപ്പെടുത്തും. ഇത്തരം .സംവേദന ശൈലി ചില കൺവൻഷനുകളിലില്ലേ...? ഇതര മതത്തേയും സഭയേയും പരസ്യമായി ആക്ഷേപിക്കുന്ന പ്രസംഗ വിരുതന്മാരുമില്ലേ...? ഈ സമീപനം പ്രോത്സാഹനമണോ?

മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും സഭകൾ തമ്മിലുള്ള സംഭാഷണങ്ങളും ചൂടു പിടിച്ചു നടക്കുമ്പോൾ വർഗീയത കലർത്തി സുവിശേഷം വിതയ്ക്കുന്നത് ഭൂഷണമല്ല. മൗലിക വാദങ്ങൾ നിറഞ്ഞ സുവിശേഷങ്ങൾ ഭാരത സംസ്കാരത്തിന് ഇപ്പോൾ യോജിച്ചതല്ല !

വേദപുസ്തകത്തിൽ മൗലികവാദങ്ങൾ നിറഞ്ഞ വാക്യങ്ങൾ (Exclusive Statements) ധാരാളമുണ്ട്. (യോഹ. 3:16, 18; 14:5-6; അപ്പോ. 4.11-12, ഏബ്ര 10.9-10 1 തിമോ 2.3-6 റോമ 3 : 21-22) ഇവ പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും 'സഭ'യുടെ ചട്ടകൂട്ടിൽ നിന്നാവണം. ചരിത്രവുമായി ബന്ധപ്പെടുത്തിയാലെ ഇതിന്റെ ആശയം വ്യക്തമായി ഉൾക്കൊള്ളാൻ കഴിയൂ.

വർഗീയ വിഷം കുത്തിവെയ്ക്കുന്ന പ്രസംഗങ്ങളും ഇതര സഭകളെ ഭീഷണിപ്പെടുത്തുന്ന ശൈലികളും ആവർത്തിച്ചാൽ 'ചാട്ടവാറു'മായി ക്രിസ്തു തന്നെ ഇറങ്ങിവരും !

● ● ● ● ● ●

ങ്ങും. എങ്ങനെ കല്ലേറിയാതിരിക്കും. വർഗീയത നിറഞ്ഞ സുവിശേഷ ബോംബുകളല്ലെ ഉച്ചഭാഷിണിയിൽ കൂടി പുറത്തു പോകുന്നത്. പരിഹാസത്തിന്റെയും പുച്ഛത്തിന്റെയും സാക്ഷ്യങ്ങൾ വിശ്വാസത്തെയല്ലേ മുറിപ്പെടുത്തുന്നത് !

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

## ഇടയലേഖനം

കർത്താവിൽ പ്രിയരേ,

നമ്മുടെ സഭ നിഷ്കർഷിക്കുന്ന ഈ വർഷത്തെ വലിയ നോമ്പ് ഫെബ്രുവരി 19-നു തിങ്കളാഴ്ചയാണല്ലോ ആരംഭിക്കുന്നത്. നോമ്പാചരണം. വ്യക്തികളുടെ ആത്മീയഭിവൃദ്ധിക്കും പ.സഭയുടെ വളർച്ചയ്ക്കുമുള്ള ആത്മീയായുധമാണ്. മോശയും ഏലിയാവും നമ്മുടെ കർത്താവ് തന്നെയും നോമ്പ് നോറ്റതിൽനിന്ന് നോമ്പിൻെറ ആവശ്യകതയും പ്രാധാന്യവും സ്പഷ്ടമാക്കുന്നുണ്ട്. ആത്മീയമായി വളർച്ച പ്രാപിക്കണമെങ്കിൽ ജഡാഭിലാഷങ്ങളെ നിയന്ത്രിക്കണം. എന്നാൽ അതുകൊണ്ട് മാത്രമായില്ല. ആ സംയമനം വഴി സംഭരിക്കപ്പെടുന്ന ശക്തിയെ സ്നേഹാധിഷ്ഠതമായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യണം. അതാണ് നോമ്പു കൊണ്ട് സാധിക്കേണ്ടത്. സ്നേഹം കൂടാതെ ഒരുവൻ നോമ്പു നോക്കുന്നു എങ്കിൽ അവൻെറ വ്രതത്തിന് യാതൊരു പ്രയോജനവും ഇല്ലെന്നു നാം പ്രാർത്ഥനയിൽ ഏറ്റുപറയുന്നതിൻെറ അർത്ഥം അതാണ്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും ജഡീകപരീക്ഷങ്ങളിൽ വിജയം പ്രാപിക്കുന്നതിനും ചെയ്തു പോയ തെറ്റുകളെപ്പറ്റി അനുതപിക്കുന്നതിനും മറ്റുമായി നമ്മുടെ പൂർവ്വികപിതാക്കന്മാർ നോമ്പ് അനുഷ്ഠിച്ചിരുന്നതായി പഴയനിയമത്തിലും പുതിയനിയമത്തിലും നാം കാണുന്നുണ്ട്. "ആ ദിവസങ്ങളിൽ ദാനിയേലാകുന്ന ഞാൻ മൂന്നാഴ്ചവട്ടം വിലപിച്ചിരുന്നു. രസകരമായ അപ്പം ഞാൻ ഭക്ഷിച്ചില്ല. മാംസവും വീഞ്ഞും എൻെറ വായിൽ പ്രവേശിച്ചില്ല" (ദാനി. 10:2) എന്നും "വിലാപത്താലും ദു:ഖത്താലും നൊയ്മ്പിനെ ശുദ്ധീകരിച്ച് ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് കൊടുക്കണെ" മെന്ന് (യോവൽ 1:14; 2:12) പഴയനിയമം അനുശാസിക്കുന്നു. പുതിയ നിയമത്തിൽ 'നോമ്പലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി (പിശാച്) ഒഴിഞ്ഞുപോകയില്ല' എന്ന് മത്താ. 17:21-ൽ കർത്താവ് കല്പിക്കുന്നു. അപ്പോ. 13:2-ലും 13:3-ലും 27:9-ലും നോമ്പിനെപ്പറ്റി ഊന്നി പറയുന്നു.

ആകയാൽ വാത്സല്യമുള്ള മക്കളേ, നമ്മുടെ കർത്താവിൻെറ രക്ഷാകരമായ കഷ്ടാനുഭവങ്ങളിലും ഉയർപ്പിലും പങ്കാളികളാകുന്നതിനും പുതുജീവൻ പ്രാപിക്കുന്നതിനും നോമ്പ് നമ്മെ സഹായിക്കുന്നു. നോമ്പുകാലങ്ങളിൽ നാം പ്രത്യേകം ശ്രദ്ധിച്ചിരിക്കേണ്ട പല കാര്യങ്ങളുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് നിരന്തരമായ ദൈവസംസർഗമാണ്. ഉപവാസവും പ്രാർത്ഥനയും ആയതിന് നമ്മെ വളരെ സഹായിക്കുന്നു. നിങ്ങളേവരുടെയും ഭവനങ്ങളിൽ നോമ്പിൻെറ





പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്നതിലും നോമ്പിൻെറ വ്രതാനുഷ്ഠാനങ്ങൾ നിഷ്ഠയോടെ പാലിക്കുന്നതിലും ശ്രദ്ധിക്കണം. കുറഞ്ഞ പക്ഷം ഒരു നേരമെങ്കിലും ഭക്ഷണം വർജ്ജിക്കണം. ഭക്ഷണം കഴിക്കാതെയിരുന്നാൽ വിശപ്പ് എന്താണെന്നു മനസ്സിലാകും. വിശക്കുന്നവന് ഭക്ഷണം നൽകുവാനുള്ള ഉത്തേജനം ലഭിക്കും. അമിതഭക്ഷണം രോഗത്തിനും പാപചിന്തകൾക്കും കാരണമാണ്. അതിനാൽ ഭക്ഷണത്തിലുള്ള നിയന്ത്രണം നോമ്പിലൂടെ വളർത്തി എടുക്കണം. നമ്മുടെ ആത്മീയ ജീവിതത്തിൻെറ ശക്തി വി. കുർബ്ബാനാനുഭവമാണ്. "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. (യോഹ. 6:56) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. നാം ദൈവത്തിൻെറ ഭവനമാണ്. നാം ഓരോരുത്തരിലും കർത്താവ് വസിച്ച് നമ്മെ ഭരിക്കണം. ആബാലവൃദ്ധം ജനങ്ങളും കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കണം. ഭീക്ഷണികൾ നിറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ ലോകസമാധാനത്തിനും നമ്മുടെ രാഷ്ട്രത്തിൻെറ സുരക്ഷയ്ക്കും ഐക്യത്തിനും ക്ഷേമത്തിനും വേണ്ടി പ്രാർത്ഥിക്കണം. 1995-ലെ സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ സഭയിൽ സമാധാനവും ഐക്യവും പുന:സ്ഥാപിക്കപ്പെടുന്നതിനും, ബാഹ്യ ശക്തികളിൽനിന്നും സ്വതന്ത്രമായി ഭാരതീയ ഓർത്തഡോക്സ് സഭയുടെ ദൗത്യം മനസ്സിലാക്കി സഭ വളരുന്നതിനും ദൈവം തമ്പുരാൻ കരുണചെയ്യുവാൻ പ്രാർത്ഥിക്കണം. ബലഹീനനായ നമുക്കുവേണ്ടിയും പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായ്ക്കു വേണ്ടിയും നമ്മുടെ സഹോദര മേൽപട്ടക്കാർക്കുവേണ്ടിയും എല്ലാ സഭാംഗങ്ങൾക്കു വേണ്ടിയും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

ആകയാൽ പ്രിയ മക്കളേ, ഈ നോമ്പ് ആത്മാർത്ഥമായും നിഷ്ഠയോടുകൂടിയും ദൈവാശ്രയത്തോടു കൂടിയും എല്ലാ അർത്ഥത്തിലും പൂർണ്ണ ശക്തിയോടുകൂടി ആചരിക്കുവാൻ നാം നിങ്ങളെ സ്നേഹപൂർവ്വം ഉൽബോധിപ്പിക്കുന്നു. ഈ വർഷവും നോമ്പിലെ 36-ാം ഞായറാഴ്ച അതായത് മാർച്ച് 24-ാം തീയതി സഭാദിനമായി (കാതോലിക്കദിനമായി) സഭാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ച് പൂർവ്വാധികം ഭംഗിയായി ആചരിക്കുകയും വേണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ●

## ധ്യാനം

സജി, അമയിൽ, മാരാമൺ

**“അവൻ നമ്മേ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.”**

**(2 കോരി 5:16)**

അകൽച്ചയും, വിദ്വേഷവും, വിളള ലും ഉണ്ടാകുമ്പോൾ മാത്രമാണ് നിരപ്പ് അത്യാവശ്യമായിത്തീരുന്നത്. യേശുക്രിസ്തുവിന്റെ നിയോഗം നിരപ്പിന്റെ ശുശ്രൂഷയായിരുന്നു. പാപത്താൽ ദൈവ ത്തിൽ നിന്ന് അകന്നുപോയ മനുഷ്യ വർഗ്ഗത്തെ തന്റെ കന്യകാ ജനത്താലും, ക്രൂശ് മരണത്താലും ദൈവത്തോടു നിരപ്പിക്കുന്ന വലിയ ശുശ്രൂഷയായിരുന്നു. ‘‘അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടായി. ഭൂമിയിലുളളതോ, സ്വർഗ്ഗത്തിലുളളതോ സകലത്തേയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി, (കൊലോ 1:21)

### നിരപ്പിന്റെ ശബ്ദം

നിരപ്പിന്റെ പ്രവാചകന്മാർ ആയിട്ടാണ് നാം വിളക്കപ്പെട്ടിരിക്കുന്നത്. എന്നാൽ യഥാർത്ഥമായ നിരപ്പ് എങ്ങനെയാണ് നാം വിളംബരം ചെയ്യുന്നത്. ഇതിന് ആദ്യമായി നാമും ദൈവവുമായുളള നിരപ്പ് പൂർണ്ണാവസ്ഥയിലെത്തിക്കണം. ഗോൽഗുത്തായിൽ ഉയിർത്തപ്പെട്ട ക്രൂശ് ഉയർത്തുന്ന വെല്ലുവിളിയും ഇതുതന്നെയാണ്. ‟ക്രൂശിൻമേൽ വച്ച് ശത്രുത്വമില്ലാതാക്കി അതിനാൽ ഇരുപക്ഷത്തേയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ’’. (എഫേ 2:16). ലോകത്തിന്റെ മോഹങ്ങളോട് തിരക്കുവാൻ വ്യഗ്രത കാട്ടുന്ന മനുഷ്യൻ ക്രൂശ് ഉയർത്തുന്ന വെല്ലുവിളിയെ മറന്നുപോകുന്നു. ഭൗതിക നേട്ടങ്ങളുടെ സുഖശീതളഛായയിൽ കാൽവറിയിലെ രക്തത്തുള്ളികളും, രക്ഷയുടെ ചരിത്രവും വിസ്മൃതിയിലാണ്ടുപോകുന്നു.

മനുഷ്യനും ദൈവവുമായുള്ള നിരപ്പ് പൂർണ്ണതയിലെത്തുന്നത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള നിരപ്പ് സാദ്ധ്യമാകുമ്പോൾ മാത്രമാണ്. അകൽച്ചയും വിദ്വേഷവും രൂഢമൂലമായിരിക്കുന്ന സമൂഹത്തിൽ നിരപ്പിന്റെ പ്രവാചക ശബ്ദം ഉയർത്തുവാൻ സാധിക്കുമോ? ഇന്ന് ഭാരതം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളാണ് ദരിദ്ര സമ്പന്ന വർഗ്ഗങ്ങൾ തമ്മിലുള്ള അകൽച്ചയും, മതങ്ങൾ തമ്മിലുള്ള അസന്തുലിതാവസ്ഥയും. മണിമന്ദിരങ്ങളും ആധുനിക സുഖസൗകര്യങ്ങളും, സുഖ ലോലുപതയും നിറഞ്ഞുനിൽക്കുന്ന വ്യവസ്ഥതിയും – ഒരുനേരത്തെ ആഹാരത്തിനു കേഴുന്ന, അതിന് തങ്ങളുടെ മക്കളെപ്പോലും വിൽക്കാൻ പ്രേരിതരാകുന്ന അദ്ധ്വാനത്തിന്റെയും, നിത്യ രോഗത്തിന്റെയും നുകം എന്നും കഴുത്തിലണിയുവാൻ പ്രേരിതമാകുന്നവരുടെ വ്യവസ്ഥതിയും – തമ്മിലുള്ള അഗാധമായ വിള്ളലാണ് ഇന്ന് ഭാരതത്തിൽ നിലനൽക്കുന്നത്.

അധികാരത്തിന്റെ കനകസിംഹാസനങ്ങൾക്കുവേണ്ടി ദൈവങ്ങളെ തെരുവിലിറക്കിയതും, പാലുകുടിപ്പിച്ചതും, മതങ്ങൾ തമ്മലുള്ള നിരപ്പിനായി ഒറ്റമതം എന്നു പ്രചരിപ്പിച്ച ഗുരുവിന്റെ അനുയായികൾ അധികാരത്തിനായി പോർവിളി മുഴക്കിയതും മൂലം ദേവസങ്കല്പങ്ങൾക്കും ആത്മീകതയ്ക്കും ഒരു പുതിയ മാനം കൈവന്നിരിക്കുന്നു. തന്മൂലം തകർന്നു വീഴുന്നത് മതത്തിന്റെ അടിസ്ഥാന പ്രമാണമായ നിരപ്പിന്റെ പവിത്രതയും സ്നേഹത്തിന്റെ ആത്മാവുമാണ്.

> **അകൽച്ചയും വിദ്വേഷവും രൂഢമൂലമായിരിക്കുന്ന സമൂഹത്തിൽ നിരപ്പിന്റെ പ്രവാചക ശബ്ദം ഉയർത്തുവാൻ സാധിക്കുമോ?**

അമിത സുഖങ്ങൾക്കുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്ത മനുഷ്യൻ നേട്ടങ്ങളേക്കാളുപരി വൈദ്യശാസ്ത്രം മുട്ടുമടക്കുന്ന മാരകരോഗങ്ങളും, കാലംതെറ്റിപ്പെയ്യുന്ന കാലവർഷവും, കാനന ഭംഗിയുടെ അസ്ഥിപഞ്ജരവുമാണ് മാനവരാശിക്കു നൽകിയത്. അതിവേഗം തീർന്നുകൊണ്ടിരിക്കുന്ന ധാന്യസമ്പത്ത് ഇതിന്റെ മറ്റൊരു ഭീകരവശമാണ്. പ്രകൃതിയുമായി മല്ലിട്ടുജീവിച്ച പ്രാചീന മനുഷ്യൻ തന്റെ ആയുസ്സിന്റെ ദൈർഘ്യം നീട്ടിയപ്പോൾ പ്രകൃതിയിൽ നിന്നകന്ന അതിനെ സുഖഭോഗ വസ്തുവായി കാണിച്ച ആധുനിക മനുഷ്യൻ തന്റെ ജീവൻ നിലനിർത്തുവാൻ കൃത്രിമ ഹൃദയവും ഓക്സിജൻ. സിലിണ്ടറും തേടേണ്ടി വന്നു.

### നിരപ്പിന്റെ ശുശ്രൂഷ

നിരപ്പിന്റെ ശുശ്രൂഷയുടെ ആവശ്യകതയും അതിന്റെ പരിപൂർണ്ണമായ അർത്ഥവും വ്യാപ്തിയും ഇവിടെയാണ് പ്രതിഫലിപ്പിക്കേണ്ടത്. മനുഷ്യൻ സകല സൃഷ്ടിയേയും രക്ഷയിലേക്കും, നിരപ്പിലേക്കും നയിക്കുവാൻ കടപ്പെട്ടവരാണ്. ഇതിനു സാധിക്കണമെങ്കിൽ നാം തന്നെ നിരപ്പിനു വിധേയരാകണം. താൻ പറഞ്ഞത് പ്രവർത്തിച്ച് കാണിച്ച യേശുവിന്റെ അനുയായികളാകണം.

പരാജിതൻ നിരപ്പിനുശ്രമിക്കുമ്പോൾ അത് കീഴടങ്ങലായി വ്യാഖ്യാനിക്കപ്പെടാം. വിജയം വരിച്ചവർ നിരപ്പിനു ശ്രമിക്കു മ്പോൾമാത്രമേ ഇതിനു പൂർണ്ണ അന്തസത്ത കൈവരുകയുള്ളൂ. എന്നാൽ ഈ നിരപ്പിനു ചരിത്ര സത്യങ്ങളേയും, വിശ്വാസ സത്യങ്ങളേയും, അവകാശങ്ങളേയും ബലികഴിക്കേണ്ടി വരുമോ? തീർച്ചയായും അതിന്റെ ആവശ്യകതയില്ല. ചരിത്ര വസ്തുക്കളെ ചരിത്ര വസ്തുക്കളായും, സത്യങ്ങളെ സത്യങ്ങളായും, മനസ്സിലാക്കുവാനുളള വിശാല മനസ്ഥിതി നിരപ്പിന് അടിസ്ഥാനമായിത്തീരണം. ഇപ്രകാരമുളള ഒരു നിരപ്പ് സ്വപ്നമോ, മിഥ്യയോ ആയിത്തോന്നിയേക്കാം. എന്നാൽ മനുഷ്യന്റെ ബുദ്ധിക്കും ശക്തിക്കും ഉപരിയായി പ്രവർത്തിക്കുവാൻ കഴിവുളള ദൈവശക്തിയിൽ നാം വിശ്വസിക്കണം. ചെങ്കടലിന്റെ മുമ്പിലും, ഭക്ഷണത്തിനായി മരുഭൂമി യിലും, ദാഹജലത്തിനായി പാറയുടെ മുമ്പിലും, മുൻവിധിയോട് നിന്നവരാണ് യഹൂദജനത. ചെങ്കടലിനെ വിഭജിക്കുവാനും പാറയിൽ നിന്നു വെളളം പുറപ്പെടുവിക്കാനും, മരുഭൂമിയിൽ മഴ പെയ്യിക്കുവാനും കഴിഞ്ഞ ദൈവ ശക്തിക്കു മുൻപിൽ അവരുടെ മിഥ്യബോധങ്ങൾക്ക് അർത്ഥമില്ലാതായി.

ഈ നാളുകളിൽ നമ്മളിൽ നിന്നും ഉയരേണ്ടത് നിരന്തരമായ പ്രാർത്ഥനാമഞ്ജരികളാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുവാൻ

(ശേഷം 9 ൽ)

**മിനിമോൾ ജോൺസൺ**

# സ്നേഹത്തിന്റെ നിറവ്

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കുടുംബ ബന്ധങ്ങളെ കണക്കിലെടുത്തപ്പോൾ കിട്ടിയത് നിരാശയും ശിഷ്ട നഷ്ടവുമായിരുന്നു. പാശ്ചാത്യ നാടുകളിൽ ഇളകാത്ത കുടുംബങ്ങൾ അമ്പതു ശതമാനത്തിൽ താഴെയാണ്. വർദ്ധിച്ച പണക്കൊഴുപ്പും, ദൈവ ഭയമില്ലായ്മയും ഒന്നിച്ചുചേർന്നപ്പോൾ തകർച്ചയ്ക്ക് ആക്കം കൂടി. ലോകത്ത് പൗരസത്യങ്ങളുടെ ഏറ്റവും വലിയ സംഭാവന കെട്ടുറപ്പുളള കുടുംബങ്ങളും ആഴത്തിലോടുന്ന വ്യക്തി ബന്ധങ്ങളും ആയിരുന്നു. എന്നാൽ വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലയളവിൽ നമുക്ക് കൈമോശം വന്നിരിക്കുന്നത് കുടുംബ ബന്ധങ്ങളും ദർശനവും ആണ്.

സമൂഹത്തിന്റെ അടിത്തറ കെട്ടുറപ്പുളള കുടുംബങ്ങളാണ്. ഈ ആണിക്കല്ലുകൾ ഇളകിയാൽ സമൂഹത്തെ ബാധിക്കും. റോമാ സാമ്രാജ്യത്തിന്റെ അധഃപതനം യുദ്ധത്തിലുളള തോൽവിയായിരുന്നില്ല. കുടുംബങ്ങളുടെ ധാർമ്മിക വീഴ്ചയിലായിരുന്നു. ഇവിടെയാണ് കുടുംബങ്ങളുടെ നിലനില്പിന്റെ പ്രസക്തി. ''ലോകമെ തറവാട്'' എന്ന അഷ്ട ഭാരതചിന്ത എത്ര ശ്രേഷ്ടമാണ്, വലിയ തറവാടിന്റെ ഭാഗമാണ്. ഓരോ കുടുംബവും, ദൈവത്തേയും, മനുഷ്യനെയും കുറിച്ച് പഠിക്കുന്ന പഠിപ്പിക്കുന്ന ഒരു കലാശാലയോ സെമിനാരിയോ പോലെയാകണം നമ്മുടെ കുടുംബങ്ങൾ. ഒരു വലയുടെ കണ്ണിപോലെ തമ്മിൽ ചേർന്നവരായിരിക്കണം ഭവനങ്ങൾ. അപ്പോഴാണ് സമൂഹത്തിന് ചേതനയും ചാരുതയും വർദ്ധിച്ചു വരുന്നത്.

സാമൂഹിക മര്യാദയും, ജീവിതശൈലിയും, അന്യാഭിപ്രായ സ്വാതന്ത്ര്യവും, ആദരവും, സ്നേഹവും കരുതലുമൊക്കെ കുട്ടികൾ പഠിക്കുന്ന പാഠശാല കുടുംബമല്ലാതെ മറ്റൊന്നുമല്ല. ഒരു കെട്ടിടം ''വീടാ''ക്കുകയില്ല. എല്ലാ വീടും ഭവനമാകുകയില്ല. എവിടെ മരവിപ്പുമാറി ജീവനും ചൈതന്യവും തുടിക്കുന്നുവോ, എവിടെ സ്വയം ചിന്ത എന്നൊഴിഞ്ഞ് സ്നേഹവും കരുതലും ഒഴുക്കുന്നവോ അവിടം ''ഭവനം'' ആയിത്തീരുന്നു. ഈ ഭവനാന്തരീക്ഷത്തോട് സ്നേഹത്തിന്റെ ചങ്ങലകളാൽ നാം ബന്ധിക്കപ്പെടുന്നു. ആത്മ ബന്ധങ്ങളാൽ പരിപോഷിക്കപ്പെടുന്നു. കുടുംബങ്ങൾ കെട്ടുപണിചെയ്യേണ്ടത് ദൈവം എന്ന മൂലക്കല്ലിൽ തന്നെയാകണം. ബുദ്ധിമാനയ ഏതു മനുഷ്യനും അത് ചെയ്യുമ്പോൾ പേമാരിയും, കാറും കോളും നിമിത്തം അടിത്തറ ഇളകിപ്പോകാത്ത കുടുംബങ്ങളുടെ ഉടമകൾ ആയിത്തീരും. അല്ലാത്തവ നശിച്ചുപോകുന്നത് നമ്മുടെ കണ്ണിനു മുന്നിൽ സാക്ഷ്യം വഹിക്കുന്നു. ഒരു നാണയത്തന്റെ ഇരുവശങ്ങൾ പോലെ പരസ്പര പൂരിതങ്ങളായിരിക്കണം ഭാര്യഭർത്ത്യ ബന്ധം. ദൈവ സ്നേഹത്തിന്റെ നിറവും ദൈവാശ്രയത്തിന്റെ ഉറവുമായി നമ്മുടെ കുടുംബങ്ങൾ മെനയപ്പെടുമ്പോൾ സൃഷ്ടിയുടെ ഉദ്ദേശം നമ്മിൽ നിറവേറ്റപ്പെടുകയാണ്.

□

## ധ്യാനം .....

പ്രാർത്ഥിക്കാം. ക്രിസ്തു വാഗ്ദത്തം ചെയ്ത കാര്യസ്ഥൻ ഇരുപക്ഷത്തേയും നിരപ്പിക്കുന്ന പരിശുദ്ധത്മാവാണ്. മാറിനിന്നു വിമർശിക്കുന്നതിനോടൊപ്പം നിരപ്പിനുവേണ്ടി പ്രവർത്തിക്കുന്ന, പ്രാർത്ഥിക്കുന്ന, ഉപവസിക്കുന്ന ഒരു മുഖം കൂടി നമ്മൾക്കുണ്ടാകണം. ക്രിസ്തു നമ്മുടെ പിതാക്കൻമാർക്കു നല്കിയ ഈ വലിയ ശുശ്രൂഷ - നിരപ്പിന്റെ ശുശ്രൂഷ ഏറ്റെടുക്കുവാനും സ്വജീവിതത്തിൽ പ്രതി ഫലിപ്പിക്കുവാനും നമ്മൾക്ക് സാധിക്കണം.

❁ ❁ ❁

**മിനിക്കഥ**

## വിശപ്പ്

**ആലാരാജൻ**

അയാളിൽ വിശപ്പ് അധീകരിച്ചു. വയറ്റിൽ പത്താമുത്സവം അരങ്ങേറുന്നു. നേരേയൊന്ന് ഇരിയ്ക്കാൻ പോലും വയ്യ. എല്ലാറ്റിനോടും തന്നോടു തന്നെയും അയാൾക്കു വെറുപ്പും ദേഷ്യവുമുണ്ടായി. വിശപ്പിൻെറ മൂന്നാം വിളി ഉയർന്നു പൊങ്ങവെ അയാൾ വലതുവശത്തേക്കു വീണു. അയാൾക്കു മുന്നിൽ വിരിച്ചിട്ടിരുന്ന കീറപ്പഴന്തുണി ശൂന്യമായിരുന്നു. തളർത്തുന്ന വെയിൽ, വെയിലിൻെറ അഹങ്കാരം കുറയ്ക്കാനായി ഓടിവന്ന കാറ്റ് പഴന്തുണി പറത്തി കടന്നുപോയി. അബോധാവസ്ഥയുടെ ആരംഭത്തിലായിരുന്നു അയാളുടെ മനസ്സും ശരീരവും അയാൾ ചുരുണ്ടു കൂടിക്കിടന്നു. പിഞ്ചിപ്പറിഞ്ഞു പോയ വിരലുകളുടെ ബാക്കി ഭാഗങ്ങൾ വായിൽ ഉടക്കി. അയാൾ അത് ഉറുഞ്ചി. പതുക്കെ പതുക്കെ വിരലുകളോരോന്നും തിന്നു, കൈപ്പത്തി തിന്നു, കാലുകൾ തിന്നു, ഉടൽ തിന്നു..... അയാൾ തീറ്റ തുടർന്നു വിശപ്പില്ലാതാകും വരെ.

# ഷാപ്പുകൾ പൂട്ടിയാൽ....?

**ഫാ. അലക്സാണ്ടർ കൂടാരത്തിൽ**

മദ്യനിരോധനം 1920 മുതൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അംഗീകൃത പരിപാടിയിൽ ഒന്നാണ്. 1937–ൽ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് മന്ത്രിസഭ നിലവിൽ വന്നപ്പോൾ അതു നടപ്പിലാക്കാൻ അങ്ങിങ്ങു ചില ശ്രമങ്ങൾ നടന്നു. മൂന്നു കൊല്ലത്തിനകം മദ്യ നിരോധനം സാർവത്രികമാക്കണമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി തീരുമാനമെടുത്തു.

ഗാന്ധിജി "ഹരിജൻ" മാസികയിൽ അതിനുവേണ്ടി നിരന്തരം എഴുതി. മദ്യനികുതി നഷ്ടപ്പെടുത്താൻ വൈമനസ്യം കാണിച്ച സംസ്ഥാന ഗവൺമെന്റുകളെ അദ്ദേഹം പ്രതിക്കൂട്ടിലാക്കി. അന്ന് ഗാന്ധിജി ആഗ്രഹിച്ച കാര്യം ഒരു പരിധിവരെ നടപ്പിലാക്കാൻ ആന്റണി സർക്കാർ തീരുമാനമെടുത്തത് പ്രത്യേകം ശ്ലാഘനീയമാണ്.

## മദ്യനിരോധനം.....?

ഏപ്രിൽ മുതൽ ചാരായഷാപ്പുകൾ പൂട്ടുമെന്നു പ്രഘ്യാപിച്ച ആന്റണി ഗവൺമെന്റിന് ആന്ധ്രായിലെപ്പോലെ പൂർണ്ണമദ്യനിരോധനം പ്രഖ്യാപിച്ചുകൂടായിരുന്നോ? ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏപ്രലിൽ ചാരായഷാപ്പുകൾ പൂട്ടിയാലുള്ള അവസ്ഥ എന്താവും.

a) മദ്യപാനത്തിന് അടിപ്പെട്ട ഒരാളിനെ സംബന്ധിച്ചിടത്തോളം ചാരായഷാപ്പു പൂട്ടിയതുകൊണ്ട് അവർ മദ്യപാനത്തിൽ നിന്ന് പിൻമാറുമെന്നു ചിന്തിക്കരുത്. 20 രൂപമുടക്കി ചാരായം കുടിക്കുന്ന ഒരാൾ ചാരായഷാപ്പുകൾ പൂട്ടിയാൽ 5 രൂപാ യാത്രാക്കൂലി മുടക്കി അടുത്ത വിദേശ മദ്യ ഷാപ്പിൽ പോയി 50 രൂപയുടെ വിദേശ മദ്യം കുടിക്കുന്നതിന് അമാന്തം വിചാരിക്കത്തില്ല. പഠനത്തേക്കാൾ ഉപരി മദ്യം കഴിക്കുന്നതിലുള്ള ആസക്തിയായിരിക്കും ആ മനുഷ്യനിൽ ഉള്ളത്.

b) ഗവൺമെന്റ് അനുവദിക്കുന്ന സ്പിരിറ്റിനേക്കാൾ കൂടുതൽ അബ്കാരി കോൺട്രാക്ടർമാർ തങ്ങളുടെ ഇഷ്ടാനുസരണം സ്പിരിറ്റ് ഉണ്ടാക്കി കള്ളുഷാപ്പിലൂടെയും മറ്റും ചാരായം വിൽക്കുന്നത് പൂർവ്വാധികം ഭംഗിയായി ഇനിയും തുടരാമല്ലൊ. ഏപ്രിൽ മുതൽ ചാരായ ഷാപ്പിൽ പോകുന്നതിനു പകരം കള്ളു ഷാപ്പിൽ ചാരായം കുടിക്കുവാൻ പോകുന്ന അനുഭവത്തിലേക്ക് വരും. മുമ്പ് ഗവൺ മെന്റിൽ നിന്നും എക്സൈസ് ഉദ്യോഗസ്ഥൻമാരിൽ നിന്നും കിട്ടിയ "മൗനാനുവാദം" ചാരായഷാപ്പു പൂട്ടി യാലും തുടരാമല്ലൊ. ഇതിന് അറുതി വരുത്തണമെങ്കിൽ ഗവൺമെന്റും എക്സൈസ് ഉദ്യോഗസ്ഥരും ആത്മാർത്ഥമായി ഈ കാര്യത്തിൽ വളരെ ജാ ഗരൂഗരായിരിക്കണം.

c) ഏപ്രിൽ മുതൽ ചാരായഷാപ്പുകൾ പൂട്ടിയാലും വിദേശമദ്യം നിരോധിക്കുന്നില്ലോ. ഇലക്ഷൻ വരുന്ന സമയമായതുകൊണ്ട് ആവശ്യത്തിനു വിദേശ മദ്യഷാപ്പുകൾ അനുവദിച്ച് അതുവഴി രാഷ്ട്രീയ പാർട്ടികൾക്ക് ആവശ്യത്തിന് അവരുടെ ഖജനാവ് നിറയ്ക്കുകയും ചെയ്യാമല്ലൊ. ഇവിടെയും തകരുന്നത് മദ്യപാനിയും അവന്റെ കുടുംബവുമാണ്.

## പൂർണ്ണ മദ്യനിരോധനം

റവന്യു നഷ്ടം:- പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയാൽ ഉണ്ടാ കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ഗവൺമെന്റിനുണ്ടാകുന്ന റവന്യു നഷ്ടം ആണ്ന്ന് ഒരു വാദം. ഓരോ വർഷവും മദ്യത്തിനുള്ള റവന്യു വരുമാനം കൂടുകയും ചെയ്യുന്നുണ്ട്. ഇതിനെ ഖണ്ഡിച്ചുകൊണ്ട് ചില കാര്യങ്ങൾ ചേർക്കട്ടെ.

– ഗവൺമെന്റിന് മൊത്തം ലഭിക്കാവുന്ന മൊത്തം റവന്യു വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ അബ്കാരി ഇനത്തിൽ നിന്ന് ലഭിക്കുന്നുള്ളു.

– ലേല സമയത്തു ഉറപ്പിക്കുന്ന മുഴുവൻ തുകയും ഗവൺമെന്റിന് ലഭിക്കുന്നില്ല. (രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് വൻതുകകൾ വർഷാവസാനം സാമ്പത്തികമായി അനുവദിക്കുന്നു.)

– അബ്കാരി ഇനത്തിൽ തുശ്ചമായ വരുമാനം ഗവൺമെന്റിനുണ്ടാകുമ്പോൾ മദ്യഷാപ്പു കോണ്ടാക്ട്രർമാർ നേടുന്നത് പ്രസ്തുത തുകയുടെ പത്തും പതിനഞ്ചും ഇരട്ടിയാണ്. ഇതിൽ നിന്ന് മദ്യ മുതലാളിമാർക്കു കിട്ടുന്ന തുക എത്രയാണ്ന്ന് കണക്കാക്കാമല്ലൊ. ഇതിനു കണക്കില്ല. ഇതിലൊരംശം രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥരുടെയും കൈകളിലെത്തുന്നു. കള്ളപ്പണവിപണിയും നാണ്യപ്പെരുപ്പവും സൃഷ്ടിച്ച് നാടിന്റെ സമ്പദ്വ്യവസ്ഥയെ തകർക്കും മദ്യത്തിൽ നിന്നുള്ള വരുമാനത്തെ പാപത്തിന്റ കൂലിയായിട്ടാണ് ഗാന്ധിജി വിശേഷിപ്പിച്ചത്.

സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയാൽ കൊലപാതങ്ങൾക്കും ക്രിമിനൽ കേസുകൾക്കുവേണ്ടി പണത്തിൽ ഗണ്യമായ കുറവുണ്ടാവുകയും ആശുപത്രികളെ. അഭയം പ്രാപിക്കുന്ന രോഗികൾക്കുവേണ്ടി ഇന്നത്തെപ്പോലെ ഭീമമായ തുക ചിലവാക്കേണ്ടിവരുകയുമില്ല.

പോലീസും കോടതിയും കൈകാര്യം ചെയ്യുന്ന കേസ്സുകളിൽ വലിയ പങ്കും മദ്യപാനം മൂലം ഉണ്ടാകുന്നതാണ്. മോട്ടോർ അപകടങ്ങളും അനാശാസ്യ പ്രവർത്ത നങ്ങളും ഗണ്യമായി കുറയും. മദ്യം വിറ്റുണ്ടാക്കുന്ന പണത്തിന്റെ സിംഹഭാഗവും മദ്യപാന മൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്കും ക്രമസമാധാന ലംഘനത്തെ നേരിടുന്നതിനുമായിട്ടാണ് സർക്കാർ ചിലവഴിക്കുന്നത്.

## തൊഴിൽ പ്രശ്നം

മദ്യനിരോധനം ഏർപ്പെടുത്തിയാൽ ഉണ്ടാകുന്ന മറ്റൊരു ഭയം അനേകം പേരുടെ തൊഴിൽ നഷ്ടമെന്നാണ്. ഇവിടെയും ചിലകാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. 1992 ലെ കണക്കനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 35,000 ആയിരുന്നു. മുൻ വർഷങ്ങളിലെ ഇതിനെ സംബന്ധിച്ചു ഒരു സർവ്വേ നടത്തുകയാണെങ്കിൽ ഓരോ വർഷവും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കാക്കുന്നത്. ഇന്നത്തെക്കാലത്തു ഒരു ചെത്തുതൊഴിലാളിയും തന്റെ മകനെ ഈ തൊഴിലിനുവിടണമെന്ന് ആഗ്രഹിക്കുകയില്ല. പുതിയ തലമുറയ്ക്ക് ഇതിനോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായിട്ടാണ്

കാണുന്നത്. ഇന്നു ചെത്തു വൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന കള്ളിനേക്കാൾ കൂടുതൽ ലഭിക്കുന്ന കുമ്പളങ്ങ, വാഴത്തട തുടങ്ങിയ വസ്തുക്കളിൽ രാസപദാർത്ഥങ്ങൾ ചേർത്തു കുടിലുകളിലാണ് കള്ള് ഉൽപ്പാദിപ്പിക്കുന്നത്. മദ്യവ്യവസായവുമായി ബന്ധപ്പെട്ട് ഏകദേശം ഒരു ലക്ഷത്തോളം വരുമെന്നാണ് കണക്ക്. ചുരുക്കത്തിൽ ഒന്നരലക്ഷത്തിൽ താഴെ മാത്രം തൊഴിലാളികളാണ് മദ്യോൽപ്പാദന വിപണന രംഗത്തു പ്രവർത്തിക്കുന്നത്.

## പരിഹാരങ്ങൾ

മദ്യം നിരോധിച്ചാലും ചെത്തു നിറുത്തണമെന്നില്ല. കള്ളു പുളിക്കുമ്പോഴാണ് അതു മദ്യമായി തീരുന്നത്. മദ്യാംശമില്ലാത്ത കള്ള് 'നീര' പോലുള്ള ശീതളപാനീയങ്ങളാക്കി വിൽക്കാവുന്നതാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെത്തിയെടുക്കുന്ന കള്ള് പുളിപ്പില്ലാത്ത നീരാക്കി മാറ്റി ധാരാളം വിറ്റു വരുന്നു. ഈ സമ്പ്രദായം നമ്മുടെ നാട്ടിലും ആകാമല്ലോ.

കള്ളിൽ നിന്ന് പാനിയും, ചെറുക്കയും, ചക്കരയും, വിന്നാഗിരിയും ഉണ്ടാക്കുവാൻ സാധിക്കും. ഇതൊരു കുടിൽ വ്യവസായമായും സംഘടിപ്പിക്കുവാൻ കഴിയും. അന്യ സംസ്ഥാനങ്ങൾ ഈ കാര്യത്തിൽ വൻ വിജയം നേടിയിട്ടുണ്ട്.

വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റലറികൾക്ക് ചില്ലറ വ്യത്യാസം വരുത്തിയാൽ അവയെ മരുന്നുത്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽ സ്ഥാപനമാക്കിമാറ്റാൻ സാധിക്കും. മനുഷ്യന്റെ ആരോഗ്യത്തെ തകർക്കുന്ന ഉത്പ്പാദനങ്ങൾക്കു പകരം ആരോഗ്യ സംരക്ഷക വസ്തുക്കൾ അവിടെ നിർമ്മിക്കുവാൻ കഴിയും.

– ഗവൺമെന്റിന് മദ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻപല രീതിയിലും കഴിയും. ഈ കാര്യത്തിൽ സാമൂഹിക സംഘടനകൾക്കും അവരുടേതായ പങ്കുണ്ട്. മിച്ച ഭൂമി പതിച്ചുകൊടുത്തു അവരിൽ പലരേയും കൃഷിക്കാര്യങ്ങളിൽ ഏർപ്പെടുത്തുവാൻ സാധിക്കും.

–കച്ചവടമോ ചെറുകിട വ്യവ്യസായമോ ആരംഭിക്കുവാൻ ദേശസാൽകൃത ബാങ്കുകൾ ഉദാരമായ വ്യവസ്ഥയിൽ ഇവർക്കും വായ്പ നൽകുവാൻ നിർദ്ദേശിക്കുന്നതാണ്.

## വ്യാജൻ വർദ്ധിക്കും.....?

മദ്യനിരോധനത്തിനെതിരായി ഉന്നയിക്കുന്ന മറ്റൊരു ആരോപണം വ്യാജനിർമ്മാണം വർദ്ധിക്കുമെന്നാണ്. പുനലൂരും വൈപ്പിൻകരയിലും, മട്ടാഞ്ചേരിയിലും മദ്യനിരോധനം ഏർപ്പെടുത്തിയപ്പോഴാണോ വ്യാജമദ്യം ഉണ്ടാക്കിയത്? മദ്യക്കച്ചവടം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലാണ് മദ്യനിരോധിത മേഖലയേക്കാൾ അധികം വ്യാജമദ്യ നിർമ്മാണം നടന്നുവരുന്നതെന്ന് വളരെ യഥാർത്ഥ്യമായ ഒരു കാര്യമാണ്. മദ്യ നിരോധന സമയത്ത് എക്സൈസ് ഉദ്യോഗസ്ഥന്മാർ ജാഗ്രത പാലിച്ചാൽ വളരെയധികം നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കും.–

## ബോധവൽക്കരണം

മദ്യ നിരോധനം മൂലം മദ്യപിക്കാനുള്ള അവസരം നഷ്ടപ്പെടുന്നതുകൊണ്ട് മദ്യപാനികളുടെ എണ്ണം കുറയുവാൻ സാധ്യതയുണ്ട്. ഇവിടെ പ്രഥമഘട്ടങ്ങളിലെ (Primary stage) മദ്യപാനികളാണ് കൂടുതൽ മദ്യപാനത്തിൽ നിന്ന് പിൻമാറുന്നത്. എന്നാൽ മദ്യത്തിനു അടിപ്പെട്ട ഒരാളിന് സംബന്ധിച്ചിടത്തോളം ചാരായ ഷാപ്പുകൾ അടച്ചതുകൊണ്ടു മാത്രം മദ്യപാനത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ സാധ്യമല്ല. ഇപ്പോൾ ഗവണമേന്റിതര സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലാണ് മിക്ക De-addiction centers ഉം പ്രവർത്തിക്കുന്നത്. ഗവണമെന്റ് തലത്തിൽ ഇങ്ങനെ മദ്യപാനികളെ ചികിത്സിക്കുന്ന സെന്ററുകൾ താലൂക്ക് ആശുപത്രികൾ വരെയെങ്കിലും സംഘടിപ്പിച്ച് മദ്യപാനികളെ ചികിത്സിക്കുവാൻ കഴിയും. അതോടൊപ്പം കൗൺസലിംങ്ങ് സെന്ററും സ്ഥാപിക്കണം. മദ്യത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ചു സ്കൂൾ - കോളേജുതലങ്ങളിലും, സൺഡേസ്കൂളുകളിലും, സമാജങ്ങളിലും, ഉദ്യോഗസ്ഥ തൊഴിലാളികളുടെ ഇടയിലും ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘു ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ഇതിനെ സംബന്ധിച്ചു ചിത്രപ്രദർശനം നടത്തുകയും വേണം. ഇങ്ങനെ ഈക്കാര്യത്തിൽ ആത്മാർത്ഥമായ ശ്രമം എല്ലാ ഭാഗത്തുനിന്നും ഉണ്ടായാൽ മഹാത്മഗാന്ധിജി വിഭാവനം ചെയ്ത ഒരു മദ്യവർജ്ജന സംസ്ഥാനമായി ഈ കൊച്ചു കേരളത്തെ ഉയർത്തുവാൻ സാധിക്കും. ☐


**രചനകൾ ക്ഷണിക്കുന്നു**

ബഥേൽ പ്രതികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ അവതരിപ്പിക്കാം. ഫീച്ചർ, ചർച്ച, കഥ, ലേഖനം, എന്നിവയും അയയ്ക്കുക.

**എഡിറ്റർ, ബഥേൽ പത്രിക, ബഥേൽ അരമന, ചെങ്ങന്നൂർ – 689121.**


## ക്വിസ്

1. പറക്കുന്ന മഹാസർപ്പം ?
2. രാജ്ഞിയാകാൻ കൊച്ചു മക്കളെ കൊന്ന ദുഷ്ട ?
3. പാലസ്തീനിൽ വസന്താഗമനം വിളിച്ചറിയിക്കുന്ന പക്ഷി ?
4. വി. വേദ പുസ്തകത്തിലെ ഒരു പേര് മലയാളഭാഷയിലെ ഒരു ചോദ്യം ആണ് പേരെന്ത് ?
5. ഏലിശായെ പരിഹസിച്ച ബാലന്മാരെ കൊന്നത് ആര് ?
6. യിശായിയുടെ പിതാവ് ആര് ?
7. കെട്ടിഞ്ഞാന്ന് മരിച്ചതായി പഴയനിയമത്തിൽ പേരു പറഞ്ഞിരിക്കുന്ന വ്യക്തി ?
8. നിയമപ്പെട്ടകം പണിയുവാൻ മോശ ഉപയോഗിച്ച മരം ?
9. യിസ്രായേൽ മക്കളിൽ നിന്ന് യുദ്ധത്തിനു പുറപ്പെടാൻ ആളുകളെ തിരഞ്ഞെടുക്കുന്നത് എവിടെവെച്ച് ?
10. മുഹൂർത്തം നോക്കരുത് എന്ന് പറഞ്ഞിരിക്കുന്ന ബൈബിളിലെ വാക്യം?

**ബിനോയ്. പി. ജോർജ്ജ്, കുടശ്ശനാട്**

### ഉത്തരം

1. ലിവ്യാഥാൻ (യെശയ്യ : 27:1)
2. അഥല്യ (2 രാജാ : 11:1)
3. കുറുപ്രാവ് (ഉത്തമ : 3:12)
4. അതാരാ (1ദിന : 2:26)
5. രണ്ട് പെൺകരടികൾ (2 രാജാ 2:23-24)
6. ഓബേദ് (രൂത്ത് 4:17)
7. അഹിഥോഫെൽ (2ശമു 17:23)
8. ഖദിരമരം (പുറപ്പ : 27:1)
9. സീനായ് മരുഭൂമിയിൽ വെച്ച് (സംഖ്യ : 1:1-2)
10. ലേവ്യ 19:26.

# വചന ശുശ്രൂഷ

**ഫാ. സി.ജെ. ജോർജ്ജ്**

**എ**ന്റെ മകനെ, ക്രിസ്തു യേശുവിലുളള് കൃപയാൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുളളവരെ ഉപദെശിപ്പാൻ സമർത്ഥരായ വിശ്വസ്ഥ മനുഷ്യരെ ഏല്പിക്ക'' (2 തിമോ : 2: 1-2)

''പ്രസംഗിക്കുന്നവർ ഇല്ലാതെ എങ്ങനെ കേൾക്കും, ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും'' പ്രസംഗത്തെപ്പറ്റി ഉത്തമമായ ഒരാശയം നമുക്കു തരുന്നുണ്ട്. ഒരു വേദപുസ്തകം കയ്യിലുണ്ടന്നുളളത് മഹത്വമായി ചിന്തിച്ച് എല്ലാവരും പ്രസംഗകരാകുന്നത് നന്നല്ല. (റോമർ :10:14) നമ്മുടെ കർത്താവ് സ്നാനം കഴിപ്പിപ്പാനും, ഉപദേശിപ്പാനും അയച്ചത് അവിടുത്തെ കൂടെ മൂന്നര വർഷം താമസിച്ച് പഠിച്ചവരും, പരിശുദ്ധാത്മാവിനെ പ്രാപിച്ചവരുമായ ശിഷ്യന്മാരെ ആണല്ലോ (മത്തായി : 28: 18-20) തിമോത്തി : 4-ാം അധ്യായം മുഴുവനും മേല്പട്ടക്കാർ, പട്ടക്കാർ, ഉപദേഷ്ടാക്കന്മാർ മുതലായവർക്ക് തിമോത്തിയോസ് നൽകുന്ന ഗുണദോഷമാണ്. ആ അധ്യായത്തിന്റെ അവസാന വാക്യം ''അങ്ങനെ ചെയ്താൽ നീ നിന്നേയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും''. പ്രസംഗം കേൾക്കുന്നവർ രക്ഷയിലേക്കു വരുവാൻ പ്രസംഗിക്കുന്നവർ അനുവർത്തിക്കേണ്ട കാര്യങ്ങളാണ് തിമോ : 4: 11-16 വരെ പറയുന്നത്.

ഉപദേഷ്ടാക്കൾക്കും, പൗരോഹിത്യനിരകൾക്കും ഒന്നുപോലെ ചേരുന്നതാണ് ഈ ഗുണദോഷങ്ങൾ. പൗരോഹിത്യനിരകളും ഉപദേഷ്ടാക്കന്മാരാകുന്നുവല്ലോ. ഉപദേഷ്ടാക്കൾ ഇതൊക്കെ ചിന്തിക്കുന്നുണ്ടോ എന്നു സർവ്വശക്തൻ മാത്രം അറിയുന്നു. അ:പ്ര: 14:23. കേൾക്കുന്നവരെ കർത്താവിനെ ഭരമേൽപിച്ചുകൊണ്ട് പ്രസംഗിക്കുന്നവൻ കർത്താവിന്റെ നാവായി പ്രസംഗിക്കണം.

## സത്യവിശ്വാസം

ചില വിശ്വാസിക്ക് പ്രസംഗിപ്പാൻ ആശയം ചുരുക്കമായിരിക്കും. സത്യവിശ്വാസിക്കോ പെരുവെള്ളച്ചാട്ടം പോലെ പ്രസംഗിപ്പാൻ ആശയം ഉണ്ടാകും. ദൈവമത്രേ ഇതിനെല്ലാം കാരണം. സഭയിൽ കൂടിയാണ് കർത്താവ് ഇവ എല്ലാം ചെയ്യുന്നത്. എഫേ : 4:11. ''അവൻ ചിലരെ പ്രവാചകന്മാരെയും ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു.'' നിയമാധികാരം ദൈവത്തിനും, ദൈവത്തിനുവേണ്ടി സഭയ്ക്കുമാകുന്നു. സഭയിൽ കൂടിയും, സഭയ്ക്കുവേണ്ടിയും മാത്രമേ സുവിശേഷവേല പാടുളളൂ. കർത്താവു മുതൽ ആചരിച്ചു വരുന്ന സത്യ വിശ്വാസം സഭയിൽ മാത്രമേ ഉളളൂ എഫേ : 4:4-7. ''നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ, ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെ ഉളളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ''. ഇതാണല്ലോ സത്യവിശ്വാസത്തിന്റെ അടിത്തറ സത്യ വിശ്വാസം എല്ലാം ഇവയിൽ ഉൾക്കൊണ്ടിരിക്കുന്നു. അനുതാപത്താൽ പിന്നിലുളളതു മറന്നും മുമ്പിലുളളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നവനും മറ്റുളളവരെ ഓടുവാൻ പ്രേരിപ്പിക്കുന്നവനുമാണ് സത്യവിശ്വാസിയായ ഒരു സുവിശേഷകൻ. സുവിശേഷം എന്നാൽ സത്വാർത്ത, പൊളിയില്ലാത്ത വാർത്ത, സത്യവാർത്ത, തത്തുല്യമായി മറ്റൊന്നില്ലാത്ത വാർത്ത (good news, correst news, unique news) എന്നെല്ലാമാണല്ലോ അർത്ഥം. സത്യവിശ്വാസികളല്ലാത്തവരെ ദുർബുദ്ധികളെന്നും, വിശ്വാസം സംബന്ധിച്ച് കൊളളരുതാത്തവരെന്നുമാണ് തിമോത്തി 3:8 ൽ പറയുന്നത്. അവരുടെ പിന്നാലെ പോകരുതെന്ന് അദ്ദേഹം വിലക്കിയിട്ടുണ്ട്. അവരുടെ ഉപദേശം ആഴമില്ലാത്ത സത്യവിശ്വാസികളെ മറിച്ചുകളയും എന്നാണ് എഴുതിയിരിക്കുന്നത്. പിതാക്കന്മാർ ഒരിക്കലായി ഭാരമേൽപിച്ച സത്യവിശ്വാസത്തിൽ നിന്നും തങ്ങളുടെ അജ്ഞതയാൽ വിട്ടുമാറി പല സഭകളിലും കൂട്ടങ്ങളിലും അലഞ്ഞു നടക്കുന്ന വിശ്വാസം ഇല്ലാത്തവർ ഉണ്ട്.

പ്രസംഗകൻ, (സുവിശേഷകൻ) (Preacher) എന്ന പദത്തിന് നല്ല ആശയങ്ങൾ ഉണ്ട്. താഴെ പറയുന്ന എട്ട് ആശയങ്ങൾക്ക് അനുരൂപനാണ് അനുകരണീയനായ ദൈവാത്മാവുളള നല്ല സുവിശേഷകൻ.

"Preacher" എന്ന പദത്തിന്റെ ആശയങ്ങൾ ശ്രദ്ധിക്കുക.

### (P) PRAISE THE LORD

സുഖത്തിൽ മാത്രമല്ല ദു:ഖത്തിലും, സുസ്ഥിതിയിൽ മാത്രമല്ല ദുസ്ഥിതിയിലും, ആരോഗ്യത്തിൽ മാത്രമല്ല അനാരോഗ്യത്തിലും, ഉളളതിൽ മാത്രമല്ല ഇല്ലായ്മയിലും എല്ലാം സകലതിനും എപ്പോഴും ദൈവത്തെ സ്തുതിക്കുന്നവനാണ് നല്ല സുവിശേഷകൻ. ചങ്ങല ധരിച്ചപ്പോഴും അടിയേറ്റപ്പോഴും, പട്ടിണി കിടന്നപ്പോഴും, എല്ലാം വി. പൗലോസ് അവയ്ക്ക് ദൈവത്തെ സ്തുതിച്ചുവല്ലോ. പ. പത്രോസും തോമ്മാശ്ലീഹായും എല്ലാം ഇതുതന്നെ നമ്മെ പഠിപ്പിക്കുന്നു. ഇയ്യോബിന്റെ വിശ്വാസവും മറ്റൊന്നല്ലായിരുന്നു.

### (R) REPENTANCE

പിന്നിലെ പാപങ്ങൾ അനുതാപത്താലെ കഴുകി മോചനം പ്രാപിച്ച് തിരുശരീരരക്തങ്ങൾ അനുഭവിച്ച് പ്രത്യാശയോടെ മാമ്പോട്ടു പോകാത്തവന് നല്ല സുവിശേഷകനായിരിപ്പാൻ കഴികയില്ല. സത്യമായി അനുതപിക്കുന്നവനുമാത്രമേ അവനെ അനുതാപത്തിലേക്കു നയിക്കുവാൻ കഴികയുളളൂ. ക്രിസ്തീയ ജീവിതത്തെ ധന്യവും അർത്ഥവത്തുമാക്കുന്നത് അനുതാപമത്രേ. ദൈവത്തിന് പ്രസാദവും അനുതാപമാണ്. തളളിപറഞ്ഞ പത്രോസിനെ വി. പത്രോസാക്കിയതും, കാണാതെ വിശ്വസിക്കയില്ല എന്നു പറഞ്ഞ തോമ്മായെ സഹദായാകൻ പ്രേരിപ്പിച്ചതും പാപിയായ ദാവീദിനെ വിശുദ്ധ ദാവീദാക്കിയതും അനുതാപമാണല്ലോ.

### (E) EMPTY THYSELF

തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശെടുക്കാത്തവന് എന്നെ അനുഗമിപ്പാൻ കഴികയില്ലന്നാണ് കർത്താവ് കല്പിച്ചിരിക്കുന്നത്. സ്വയ ത്യാഗത്തിലൂടെയല്ലാതെ കർത്തസേവയിൽ മുന്നേറുക അസാധ്യമാണ്. പരമത്യാഗിയായ കർത്താവു വളരണമെങ്കിൽ ശുശ്രൂഷകനും സുവിശേഷകനുമായവൻ കുറയണം. സ്വാർത്ഥതക്ക് മുൻ തൂക്കം നൽകുന്ന ഒരുവന് ത്യാഗം സാധ്യമല്ല. അവനെമാത്രം കാണാനും കരുതാനും സംരക്ഷിപ്പാനും മാത്രമേ സ്വാർത്ഥ സ്വഭാവിക്ക് കഴികയുളളൂ. പ. അപ്പോസ്തോലന്മാരുടെയും മറ്റും ജീവിതം ത്യാഗപൂർണ്ണമായിരുന്നു. ലൂക്കോ: 10:30 മുതൽ പറയുന്ന സംഭവത്തിൽ വഴിപോക്കനെ കൊളള ചെയ്തു അർത്ഥപ്രാണനായി തെരുവിൽ ഉപേക്ഷിച്ച കളളന്മാരും, അതുവഴിവന്ന് കടന്നുപോയ പുരോഹിതനും, ലേവ്യനും സ്വാർത്ഥ സ്വഭാവികളായിരുന്നു. എന്നാൽ അതുവഴി വന്ന ശമര്യാക്കാരനാകട്ടെ ത്യാഗ സ്വഭാവക്കാരനായിരുന്നു.

തിമോത്തി :4:11- വരെ പറയുന്നതിൽ ഒരു പ്രധാനം ആശയം സുവിശേഷകൻ ''വാക്ക്, നടപ്പ്, സ്നേഹം, വിശ്വാസം, നിർമ്മലത'' ഇവയിൽ മറ്റുള്ളവർക്ക് മാതൃകയായിരിക്കണമെന്നാണ്. ക്രാന്തശക്തി ഇല്ലാത്ത കാന്തത്തിന് ഇരുമ്പിനെ ആകർഷിപ്പാൻ കഴിയാത്തതുപോലെ നല്ല ജീവിതമില്ലാത്ത സുവിശേഷകന് ഒരുവനെ രക്ഷകനിലേക്ക് ആകർഷിപ്പാനാവില്ല. ജീവിതം ഒരു പ്രസംഗമാണ്. ഒരു സ്തേഫാനോസിനെ കല്ലെറിഞ്ഞുകൊല്ലുന്നതു കണ്ടു വളരെപേർ, ശൗൽ ഉൾപ്പടെ ക്രിസ്തുവിലേക്ക് വന്നില്ലേ. ഇന്നത്തെ നിലനോക്കിയാൽ പ്രസംഗകരനവധി അനുഭവം വളരെ കുറവ്.

## Ⓒ CHARACTER

ഒരുവൻെറ വിചാരം, ചിന്ത, സംസാരം, പ്രവർത്തി, മുതലായവയുടെ ആകെതുകയാണ് സ്വഭാവം (Character) സ്വഭാവം മോശമായാൽ അത് ജീവിതത്തെ ആകമാനം തകർക്കുകയും, നല്ല സ്വഭാവം ജീവിതത്തെ ധന്യമാക്കുകയും ചെയ്യും. അബ്ശാലോലിന് നശിപ്പിച്ചത് അവൻെറ സ്വഭാവത്തിൽ വന്നുചേർന്ന താളപ്പിഴകളായിരുന്നു. ഒരുവൻെറ സ്വഭാവം ദുഷിച്ചാൽ അത് പലരെയും നശിപ്പിക്കുകയും നന്നായാൽ അത് അനേകരെ നന്നാക്കുകയും ചെയ്യും. ദുഷിച്ച സ്വഭാവം നന്നാക്കി എടുക്കുക എളുപ്പമല്ല. ദുസ്വഭാവത്തിൻെറ ദോഷഫലവും അതുണ്ടാക്കുന്ന വ്യഥയും മനസിലാക്കി സ്വഭാവം നന്നാക്കുവാൻ ജ്ഞാനിക്കുമാത്രമേ കഴികയുള്ളൂ. ജ്ഞാനമെന്നത് യഹോവായിലുള്ള ഭക്തിയാണ്.

## Ⓗ HUMBLE LIVING

താഴ്മയാണ് ജിവിതത്തിൻെറ രഹസ്യം. ''താണനിലത്തേ നീരോടു അവിടെ ദൈവം തുണചെയ്യൂ'' എന്നാണല്ലോ ആപ്ത വാക്യം. വീഴാതിരുന്നിട്ടുള്ള അഹങ്കാരികളും, വീണിട്ടുള്ള താഴ്മയുള്ളവരും ഇല്ല. താഴ്മയില്ലാത്തതാണ് പല കുടുംബങ്ങളുടെയും തകർച്ചക്കു കാരണമായിട്ടുള്ളത്. സുവിശേഷകൻ താഴ്മ, വിനയം, മുതലായവ സത്ഗുണങ്ങളുള്ളവനായിരിക്കണം. മനുഷ്യനെ ആദായപ്പെടുത്തുവാൻ കർത്താവിനെ പ്രസംഗിക്കുന്ന സുവിശേഷകൻ മറ്റുള്ളവരെ കുറ്റം പറയുവാനോ വിമർശിപ്പാനോ സാധ്യമല്ല. വിമർശനവും കുറ്റം പറച്ചിലും അഹങ്കാരത്തിൻെറയും അജ്ഞതയുടെയും, ദൈവാത്മാവില്ലാത്തതിൻെറയും ലക്ഷണമാണ്. താഴാനല്ലാതെ സ്വയം ഉയർത്താനോ സ്നേഹിപ്പാനല്ലാതെ വിമർശിപ്പാനോ ദൈവാത്മാവുള്ള ഒരുവന് സാധ്യമല്ല. താഴ്മയാണ് ഉയർച്ചയുടെ പ്രഥമപടി.

(തുടരും)

കവിത

# മരം ഒരു വരം

**സിബി പുഞ്ചക്കോണം**

എന്നിങ്ങനെ ഞാൻ ചൊല്ലുന്നു.
മരം ഒരു വരമെന്ന്,
മനുഷ്യനെ താങ്ങി നിർത്തുന്നു
മരം ഒരു വരമെന്ന്. .

മരമില്ലങ്കിൽ മർത്ത്യനില്ല
മരമില്ലെങ്കിൽ മറ്റു ജീവ-
ജാലങ്ങളില്ല, പക്ഷികളില്ല
മൃഗങ്ങളില്ല ലോകവുമില്ല.

ഒരിയ്ക്കൽ ഹരിത മനോഹര
മായിരുന്നീ മോഹനലോകം
എന്നാലിന്നതു ക്ഷതമേറ്റ്
നശിച്ചിരിക്കുന്നല്ലോ,

വേദാന്ത കാലത്തു മരമായി
രുന്നു ദൈവം എന്നാൽ
ഇന്നതിന്റെ മേൽ മർത്ത്യൻ
വെട്ടി മുറിവേൽപ്പിക്കുന്നു.

മരത്തെ ഹനിക്കുമ്പോൾ
ഈശ്വരനെ ഹനിക്കുന്നു
വെറുക്കുന്നോർക്കീശ്വരൻ
പ്രളയാഗ്നിയാൽ നാശം !



# ആത്മാവിലും സത്യത്തിലും

**റ്റി.സി. ജോൺ, മാരാമൺ**

ആരാധന, പ്രർത്ഥന, എന്നീ പദങ്ങൾ ഒരേ അർത്ഥത്തിൽ പ്രയോഗിക്കാറുണ്ട്. ദൈവത്തെ ആരാധിക്കുക എന്നാൽ അവന്റെ മഹത്വത്തെയും ആധിപത്യത്തെയും പൂർണ്ണമായി അംഗീകരിച്ച്, അവന്റെ കർത്തൃത്വത്തിന് വിധേയപ്പെട്ട് ഭയഭക്തിപൂർവ്വം അവനെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയുമാണ്. പ്രാർത്ഥനയിൽ ദൈവത്തോടുള്ള ഭക്തി ഹൃദയപൂർവ്വം നാം പ്രദർശിപ്പിക്കുകയും നമുക്കു ചെയ്തു തരുന്ന എല്ലാറ്റിനും നന്ദി പറയുകയും, നമ്മുടെ ആവശ്യങ്ങളെ തിരുമുമ്പിൽ വിശ്വാസ പൂർവ്വം സമർപ്പിക്കുകയും ചെയ്യുന്നു.

ആത്മാവിലും സത്യത്തിലുമുള്ള ആരാധന എന്നാൽ , താളമേളങ്ങലോടുകൂടി ഗാനങ്ങളും, ഉച്ചത്തിലും വാചാലവുമായ, ദീർഘമായ പ്രാർത്ഥനകളുമാണെന്ന് ചിലരൊക്കെ ധരിക്കുന്നുണ്ട്. എന്നാൽ സത്യാരാധന ഇപ്രകാരമല്ല എന്ന് വേദപുസ്തകം പരിശോധിച്ചാൽ മനസ്സിലാക്കാം.

യിസ്രായേല്യർ അവരുടെ ആരാധനയുടെ ഭാഗമായി കാഴ്ചകൾ അർപ്പിക്കുകയും, വിവിധ യാഗങ്ങൾ, ധൂപാർച്ചന ഇവ നടത്തുകയും ചെയ്തു വന്നു. വാദ്യ മേളങ്ങൾ കായിന്റെ വംശക്കാരിൽ നിന്ന് ഉത്ഭവിച്ചതിനാലായിരിക്കാം (ഉത്പ. 4.21), ആദ്യ കാലങ്ങളിൽ ആരാധനയിൽ ഇവ ഉപയോഗിക്കുന്നില്ല. എന്നാൽ പിൽക്കാലങ്ങളിൽ ദാവീദും ശാലോമോനും വാദ്യമേളങ്ങൾ ഉപയോഗിച്ചു തുടങ്ങി. (2 ശമു. 6.5.) അന്യ ജാതികൾ അപ്രകാരം ചെയ്തിരുന്നു. ബാബേൽ രാജാവായ നെബുഖദനേസർ ഉണ്ടാക്കിയ സ്വർണ്ണവിഗ്രഹത്തെ ജനം ആരാധിച്ചത് അപ്രകാരമാണ്. (ദാനി. 3.4.5) ഏലിയാവിന്റെ കാലത്ത് ബാൽദേവന്റെ പ്രവാചകൻമാർ അവരുടെ ദേവനെ ഉച്ചത്തിൽ വിളിച്ച് തുള്ളിച്ചാടുകയും ദേഹത്ത് രക്തം ഒഴുകുവോളം വാൾ കൊണ്ടും കുന്തം കൊണ്ടും തങ്ങളെത്തന്നെ കുത്തി മുറിവേൽപ്പിക്കുകയും ചെയ്ത് അവരുടെ ദേവനെ ആരാധിച്ചു വന്നു.(1 രാജ. 18.28-29) ഇവയെല്ലാം ശരിയായ ആരാധനാരീതിയല്ല. ദൈവം മോശയോടും, അഹരോനോടും വിവിധ യാഗങ്ങളും പൗരോഹിത്യ ശുശ്രൂഷയും വളരെ വിശദമായി കല്പിക്കുന്നുണ്ട്. (പുറ. ലേവ്യ പുസ്തകങ്ങൾ) എന്നാൽ വാദ്യമേളങ്ങൾ മുതലായവയെപ്പറ്റി അവിടെയെങ്ങും പരാമർശിക്കുന്നില്ല.

യെരുശലേം ദേവാലയ പ്രതിഷ്ഠാകർമ്മം ശാലോമോൻ രാജാവും പ്രജകളും അത്യാഡംബര പൂർവ്വം നടത്തി. വാദ്യമേളങ്ങളോടുകൂടിയ ആഘോഷത്തിൽ ഇരുപതിനായിരം കാളകളെയും, ലക്ഷത്തിയിരുപതിനായിരം ആടുകളെയും ബലി കഴിച്ചു. അവസാനദിവസം ശാലോമോൻ സുദീർഘമായ

പ്രതിഷ്ഠാ കർമ്മപ്രാർത്ഥനയും നടത്തി. അന്നു രാത്രി ദൈവം ശലോമോന് പ്രത്യക്ഷപ്പെട്ട് ഇപ്രകാരം അരുളിച്ചെയ്തു. "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രർത്ഥിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു പിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ ദേശത്തിന് സൗഖ്യം കൊടുക്കും" (2 ദിന. 7.14) ദൈവത്തിന് പ്രസാദമുള്ള ആരാധന എപ്രകാരമുള്ളത് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. തകർന്നും നുറുങ്ങിയുമുള്ള ഹൃദയമാണ് ദൈവത്തിന് പ്രസാദകരം എന്ന് ദാവീദ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. (സങ്കീ. 51.17)

## രഹസ്യപ്രാർത്ഥന

ആരാധനയിൽ യിസ്രായേൽ ജനം ബാഹ്യാചാരങ്ങൾക്ക് പ്രാധാന്യം നൽകിയ കാലഘട്ടത്തിലാണ് യേശു ലോകത്തിൽ അവതരിച്ചത്. "ഈ ജനം അധരംകൊണ്ട് എന്നെ വിട്ട് അകത്തിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു." എന്നുള്ള യെശയ്യാ പ്രവചനം ഒത്തുവന്നു എന്ന് യേശു പറഞ്ഞു. (മത്താ. 15.8.9) അന്നത്തെപ്പോലെ ഇക്കാലത്തും അത് പ്രസക്തമല്ലേ. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരിശീലന്മാരും മുമ്പിൽ വിളങ്ങേണ്ടതിന് പള്ളികളിലും തെരുവുകോണുകളിലും ദീർഘനേരം പ്രാർത്ഥിച്ചുപോന്നു. (മാർ. 12.40) പ്രവാചകൻമാർ ഇതിനെതിരെ ഉദ്ബോധനം നടത്തിയിരുന്നു. (ഹബ. 2.20, സഭാ. 5.1-2) യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്:- "നിങ്ങൾ അവരെപ്പോലെയാകാതെ, രഹസ്യത്തിൽ പ്രാർത്ഥിപ്പിൻ എന്നാണ്. വേദ പുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള യേശുവിന്റെ പ്രാർത്ഥനകളിൽ ഏറിയ പങ്കും അപ്രകാരമായിരുന്നു. (മർ 1.35, 6.46-47, ലൂ 5.16, 6-12, 9.29, 22.41-42) പിതാവാം ദൈവത്തിന് താൻ സ്വയം അർപ്പിച്ച്, ആത്മവിനയത്തോട് പ്രാർത്ഥിച്ചു. "ക്രിസ്തു തന്റെ ഐഹിക ജീവിത കാലത്ത് തന്നെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണു നീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിക്കുകയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയു ചെയതു." (എബ്രാ. 5.7) പ്രാർത്ഥിക്കേണ്ടത് എപ്രകാരം എന്ന് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. (മത്താ. 6.5-18)

ശമര്യക്കാരി സ്ത്രീയോട് സംസാരിക്കയിൽ യേശു അവളുടെ ഭൂതകാലചരിത്രം പറകയാൽ അവൾ ഇപ്രകാരം പറഞ്ഞു:- "യജമാനനെ നീ പ്രവാചകൻ എന്ന് ഞാൻ കാണുന്നു, ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധിച്ചുപോന്നു. നമസ്കരിക്കേണ്ടത് യറുശലേമിൽ ആകുന്നു എന്ന് നിങ്ങൾ പറയുന്നു. യേശു അതിന്: "സത്യ നമസ്കാരങ്ങൾ പിതാവിനെ ആത്മാവിലും, സത്യത്തിലും നമസ്കരിക്കുന്ന കാലം വരുന്നു ഇപ്പോൾ വന്നിരിക്കുന്നു എന്നു പറഞ്ഞു. (യോ. 4.23) പഴയതിൽ നിന്നും വ്യത്യസ്തമായ ഒരു ആരാധനാ രീതിക്ക് തുടക്കം കുറിച്ചു എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

വിശ്വാസികളോട് വി. പൗലോസ് ഇപ്രകാരം പറയുന്നു. "ആത്മാവ്



നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുവിൻ നാമത്തിൽ, ദൈവം പിതാവുമായവന്ന് എല്ലായ്പ്പോഴും എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ" (എഫേ. 5.19-20)

## വിശ്വാസ പൂർവ്വം

വാദ്യമേളങ്ങളും വാഗ്വിലാസങ്ങളും മറ്റും വികാരത്തെ ഉദ്ദീപിക്കുന്നു എങ്കിലും ദൈവ ഭക്തിയും സത്യാരാധനയും ഇവയാൽ സാധിതമാകുമോ? പർവ്വതങ്ങളെ കീറുകയും, പാറകളെ തകർക്കുകയും ചെയ്യുന്ന കൊടുങ്കാറ്റിലോ അല്ല തന്റെ സാന്നിദ്ധ്യം എന്ന് തീക്ഷണവാനായ ഏലിയാ പ്രവാചകനെ ദൈവം പഠിപ്പിച്ചു. (1രാജ. 19. 11-14) "ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിക്കുവാൻ നീ ബന്ധപ്പെടരുത്. ദൈവം സ്വർഗ്ഗത്തിലും, നീ ഭൂമിയിലുമല്ലോ. ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കും" (സഭാ. 4.21) ദൈവത്തിന്റെ ഔന്നത്യവും നമ്മുടെ നിസ്സാരതയും എപ്പോഴും നാ ഓർക്കണം.

ദൈവ ആത്മാവാകുന്നു (യോ. 4.24)
പുത്രൻ ദൈവമാകുന്നു (യോ. 10.30)
പുത്രൻ സത്യമാകുന്നു (യോ. 14.6)

പുത്രൻ ദൈവത്തിനും മനുഷ്യനും മദ്ധ്യേ ഏക മദ്ധ്യസ്ഥനാകുന്നു. വി. മാമോദിസയാൽ നമുക്ക് ലഭിച്ച ആത്മാവിനാൽ പിതാവാം ദൈവത്തെ യേശുക്രിസ്തുവിൻകൂടെ ഭയഭക്തിയോടെ, സത്യത്തിലുമുള്ള ആരാധന. □



# ഒരു ബാലൻ

### കുര്യൻ ചെറുകാലേത്ത്

ഞാനൊരു ഗാനം ആലപിക്കാം
സ്നേഹിതരെ ! അതു കേൾക്കണ്ടേ?
പക്ഷികൾ കൂവി ഉണർത്തുമ്പോൾ
മടികൂടാതങ്ങെഴുന്നേൽക്കും
ആദിയിൽ ദൈവം; എന്നോർത്തിട്ട്
യേശുവിനെ ഞാൻ സ്തുതി ചെയ്യും
പഠിക്കുവാനുള്ള പാഠങ്ങൾ
നന്നായിത്തന്നെ പഠിച്ചീടും
പാലും ചോറും തന്നീടുമമ്മ
ഉമ്മതരാനും മറക്കില്ല,
അന്നന്നു ചെയ്യേണ്ടവയെല്ലാം
ഒന്നും വിടാതങ്ങു ചെയ്തീടും
സമയം നാലരയാകുമ്പോൾ
തോഴരോടൊത്തു കളിച്ചീടും
അസ്തമനത്തിനു മുമ്പായി
അമ്മ വിളിച്ചു കുളിപ്പിക്കും
സന്ധ്യയിൽ ദീപം കാണുമ്പോൾ
ഈശ്വരധ്യാനം മുടക്കില്ല
അമ്മ തരുന്നതു ഭക്ഷിച്ചി-
ട്ടെന്റെയാ, സ്ഥാനത്തുറങ്ങീടും □

**പ്രതികരിക്കൂ**

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.

**കൺവൻഷനിൽ കലാപമോ...?**

രചനകൾ രണ്ടു പേജിൽ കവിയരുത്.
ഫെബ്രുവരി 29 നകം ലഭിക്കണം.
എഡിറ്റർ
ബഥേൽ പത്രിക
ചെങ്ങന്നൂർ 689121

# ദൈവസാന്നിദ്ധ്യ ബോധം

പി.കെ. കോരുത് പാങ്കാവിൽ

നാം അനുനിമിഷം ഓരോ തെറ്റുകൾ ചെയ്തു കൊണ്ടിരിക്കുന്ന വ്യക്തികളാണ്. "നിങ്ങളെ ഞാൻ സ്നേഹിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ" എന്ന കർത്താവിന്റെ പുതിയ കല്പനയുടെ പശ്ചാത്തല ത്തിൽ ഒരു സ്വയം പരിശോധന നടത്തിയാൽ നാം ചെയ്തു കൂട്ടുന്ന തെറ്റുകളുടെ ഒരു വലിയ സമാഹാരം ദർശിക്കുവാൻ സാധിക്കും. നിത്യജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ അഥവാ ദൈനദിന വ്യാപാരങ്ങളിൽ വ്യാപൃതരാകുമ്പോൾ സ്വാർത്ഥ താല്പര്യങ്ങൾ നമ്മെ ഭരിക്കുകയും അതിനു വിധേരായി നമ്മുടെ ചിന്തയിലും പ്രവൃത്തികളിലും തീരുമാനങ്ങളിലും തെറ്റുകൾ ആവർത്തിക്കപ്പെടുകയും ചെയ്യുന്നു.

നന്മയെ അവഗണിച്ചു തിന്മയിലേക്കു നാം വഴിതെറ്റിപ്പോകുന്നു. നമ്മളിൽ ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചു ഏദനിൽ ആക്കിയിട്ട് ഒരു കാര്യത്തിൽ മാത്രമേ വിലക്കു കല്പിച്ചുള്ളു. തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുത്. ദൈവത്തിന്റെ അസാന്നിദ്ധ്യത്തിൽ പിശാച് സ്ത്രീയെ പ്രലോഭിച്ച് ഫലം പറിച്ചു തിന്നാൻ പ്രേരിപ്പിച്ചു. ദൈവത്തിന്റെ സാന്നിദ്ധ്യം അറിയാത്ത അവസ്ഥയിൽ നാം ചെയ്യരുതാത്തതു ചെയ്യുന്നു' എന്നതിനു ഏറ്റവും വ്യക്തമായ ഉദാഹരണമാണിത്. തെറ്റുകൾ ചെയ്ത് തഴമ്പിക്കുമ്പോൾ തെറ്റുകളെപ്പറ്റി ബോധം ഇല്ലാതെ തെറ്റുകളുടെ പടുകുഴിയിൽ നിപതിക്കുകയും ചെയ്യുന്നു.

സമൂഹമായി തെറ്റുകൾ ചെയ്യുമ്പോൾ അത് സാർവ്വത്രികമാക്കുകയും ആഗോളപ്രതിഭാസമായി വ്യാഖ്യാനിക്കുകയും മൂല്യച്യുതിയിൽപ്പെട്ടു മനുഷ്യരാശി അധ:പതിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള ഒരു അവസ്ഥയിലാണ് ലോകം ഇന്നു ചെന്നെത്തിയിരിക്കുന്നത്.

ധാർമ്മികതയെപ്പറ്റി നാം ബോധവാന്മാരാകുന്നത് തെറ്റുകളിൽനിന്ന് ഒഴിഞ്ഞിരിക്കുന്നത് ദൈവം നമ്മളിൽ വസിക്കുമ്പോഴാണ്. എവിടെയായാലും ദൈവം നമ്മെ വീക്ഷിക്കുന്നു എന്ന ചിന്തയുണ്ടാകണം. ആ ചിന്ത എപ്പോഴും നമ്മെ ഭരിക്കുന്നതിനെയാണ് ദൈവസാന്നിദ്ധ്യ ബോധം എന്നു വിശേഷിപ്പിക്കുന്നത്.

മുടിയനായ പുത്രന്റെ ഉപമയിൽ "അപ്പോൾ സുബോധം വന്നിട്ട് അവൻ, എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു, ഞാനോ വിശപ്പുകൊണ്ട് നശിക്കുന്നു"(ലൂക്കോ 15:17) എന്ന് അവൻ വിലപിക്കുന്നു, അവന് സുബോധം ഉണ്ടായപ്പോഴാണ് ആ ചിന്ത വന്നത്. അവൻ തെറ്റുകൾ ചെയ്തതും പണം ധൂർത്തടിച്ച് ലോക മോഹങ്ങളിൽ വ്യാപൃതനായതും അവനു സുബോധം വന്നതിന് മുമ്പായിരുന്നു എന്ന് ന്യായമായും ഊഹിയ്ക്കാം. എന്നാൽ അവനവന്റെ സ്വാർത്ഥതയിൽ ഇന്നും ധാരാളം ആളുകൾ പ്രവർത്തിക്കുന്നു. നാമും സുബോധത്തോടെയാണ് ഓരോ കാര്യങ്ങൾ ചെയ്യുന്നു എന്നു തോന്നുമെങ്കിലും യഥാർത്ഥ 'സുബോധം' അതല്ല എന്ന് മുടിയനായ പുത്രന്റെ മാനസാന്തരത്തിനു മുമ്പുള്ള ജീവിതം നമ്മെപഠിപ്പിക്കുന്നു. അതായത് അവനവന്റെ തെറ്റുകൾഅറിഞ്ഞ് പശ്ചാത്തപിച്ച് പിതാവിന്റെ അടുക്കലേക്കു മടങ്ങി ചെന്ന് ക്ഷമായാചന നടത്തുന്ന മാനസീകാവസ്ഥ പറഞ്ഞ് യഥാർത്ഥ 'സുബോധം' എന്ന് മനസ്സിലാക്കാം.

പിതാവു നമ്മോടുകൂടി ആയിരിക്കുന്ന അവസ്ഥയിൽ തറ്റുകളിൽ നാം വീഴാതിരിക്കുകയും പൈശാചിക ചിന്തകൾക്ക് അടിമപ്പെടാതിരിക്കുകയും ചെയ്യും. തീത്തോസിന് എഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ സുബോധമുള്ളവരായിരിക്കാൻ പല പ്രാവശ്യം ആഹ്വാനം ചെയ്യുന്നത് ദൈവസാന്നിദ്ധ്യ ബോധത്തിന്റെ ആവശ്യകതക്ക് ഊന്നൽ കൊടുക്കുന്നതു കൊണ്ടാണ്.

കൂടാതെ "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു ലഭിക്കും" (യോഹ. 15:7) എന്നു കർത്താവ് അരുളിചെയ്തിരിക്കുന്നത് പ്രാർത്ഥനയ്ക്ക് ഫലം ലഭിപ്പാനുള്ള വ്യവസ്ഥയായിട്ടാണ്. ആ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ പ്രാർത്ഥന നിഷ്ഫലം എന്നു വരുന്നു. നമ്മുടെ പ്രാർത്ഥനകളും ആചാരനുഷ്ഠാനങ്ങളും എല്ലാം ഫലപ്രദമാകണമെങ്കിൽ ദൈവസാന്നിദ്ധ്യ ബോധം നമ്മെ എപ്പോഴും ഭരിക്കണം. "ദുഷ്ടനു വേദനകൾ ഉണ്ട്; യഹോവയിൽ ആശ്രയിക്കുന്നവനെ ദയ ചുറ്റികൊള്ളും" എന്നു സങ്കീർത്തനക്കാരൻ പറയുന്നതും വാഗ്ദത്ത പ്രകാരം പരിശിദ്ധാത്മാവു നമ്മെ വഴിനടത്തുന്നതിനുള്ള പരിശീലനം നമുക്ക് ലഭിപ്പാനാണ്. ❑

**വചനമാധുരി**

❑ ദൈവത്തംഗീകരിച്ച മക്കളായി അന്യോന്യം ഒന്നായിത്തീർന്ന ഒരു ലോകമാവണം ക്രിസ്ത്യാനിയുടെ സ്വപ്നം.

**പ. കാതോലിക്ക ബാവ, 28 ജനുവരി 96, മാങ്കാംകുന്ന് പ്രസംഗം.**

❑ ഇന്നത്തെ ഫ്രിഡ്ജ് സംസ്കാരം ജീവിതത്തെ മരവിപ്പിക്കുകയാണ്. മനസാക്ഷിയും മരവിക്കുന്നു. മരിച്ചാൽ മോർച്ചറിയിൽ വച്ചും മരവിപ്പിക്കുന്നു.

**ഗീവറുഗീസ് മാർ ഈവാനിയോസ്, 14 ജനുവരി 96, മുളക്കുഴ പ്രസംഗം.**

# വാർത്തകൾ

## യുവജന സമ്മേളനം

**പന്തളം.** ഡിസ്ട്രിക് യുവജനപ്രസ്ഥാനം സമ്മേളന പുഴിക്കാട് സെന്റ് ജോർജ്ജ് പളളിയിൽ നടത്തി.

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ക്ലാസ്സെടുത്തു. ഫാ. ദാനിയേൽ പുല്ലേലിൽ അദ്ധ്യക്ഷത വഹിച്ച പൊതു സമ്മേളനത്തിൽ യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, സി.കെ. റെജി, ജി. വറുഗീസ് കാവുംപുറം, പി.സി. മാത്യൂസ്, രാജീവ് വേണാട്ട്, ബാബു വർഗീസ് എന്നിവർ പ്രസംഗിച്ചു. സുനിൽ ജോർജ്ജ് സ്വാഗതവും ഓർഗനയിസർ എം. ജോൺസൺ നന്ദിയും പറഞ്ഞു.

## വിദ്യാർത്ഥി പ്രസ്ഥാനം

**തിരുവല്ല :** മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം തിരുവല്ല മാർത്തോമ്മ കോളേജ് യൂണിറ്റ് ഏകദിന സമ്മേളനം നടത്തി.

ഫാ. ഒ. തോമസ്, ഫാ. കുര്യൻ ദാനിയേൽ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ ക്ലാസ്സെടുത്തു. ചർച്ചകൾക്ക് പ്രൊഫ. ഏബ്രഹാം തലവടി, ഡോ. എം.ഐ. ആൻഡ്രൂസ്, വിനോദ് ജോർജ്ജ്, ജോഷ്വാ ഏബ്രഹാം, അനീഷ് മാത്യു തോമസ് എന്നിവർ നേതൃത്വം നൽകി.

## അനുശോചനം

**ചെങ്ങന്നൂർ :** പടിഞ്ഞാറെ പീടികയിൽ ഫാദർ പി.വി. ജോസഫിന്റെ വേർപാടിൽ യുവജന പ്രസ്ഥാനം ഭദ്രാസന കമ്മറ്റി അനുശോചനം രേഖപ്പെടുത്തി. ഫാ. ഗീവറുഗീസ് ജോൺ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ വിനോദ് ജോർജ്ജ് അനുശോചനം പ്രമേയം അവതരിപ്പിച്ചു.

## യാത്ര അയപ്പ്

**ചെങ്ങന്നൂർ :** യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഡിസ്ട്രിക്ട് ഓർഗനൈസർ ആയി പ്രവർത്തിച്ച ശേഷം ഉദ്യോഗാർത്ഥം വിദേശത്തേക്കു പോകുന്ന ഷിബു മാത്യുവിന് യുവജന പ്രസ്ഥാനം ഭദ്രാസന കമ്മറ്റി യാത്രാ അയപ്പ് നൽകി. ഫാദർ. ഗീവറുഗ്ഗീസ് ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, ജോ. സെക്രട്ടറി മാത്യു ജി. മനോജ്, വറുഗീസ് ജോൺ, എം. ജോൺസൺ, വിനോദ് ജോർജ്ജ്, റോജി ഏബ്രഹാം, അനീഷ് മാത്യു, റോയി ശമുവേൽ എന്നിവർ പ്രസംഗിച്ചു.

## വാർഷികം

**മുളക്കുഴ :** സെന്റ് മേരീസ് ഇടവകയിലെ സൺഡേസ്കൂൾ വാർഷികം ഫാ. തോമസ് പി. ജോസഫ് ഉത്ഘാടനം ചെയ്തു.



ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ബാലസമാജം ഓർഗനൈസർ ബിജു വർഗീസ്, ലിജി ചാക്കോ എന്നിവർ പ്രസംഗിച്ചു. ഷിബു ജോൺ ജേക്കബ് സ്വാഗതവും സാം സക്കറിയാ നന്ദിയും പറഞ്ഞു.

**കോടുകുളഞ്ഞി :** പ്രകാശഗിരി സെന്റ്മേരീസ് ഇടവകയിലെ സൺഡേസ്കൂൾ വാർഷികം, ഡയറക്ടർ ജനറൽ ഫാ. ടി.ജെ. ജോഷ്വാ ഉത്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് പി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ - ജോസഫ്.പി.തോമസ് എന്നിവർ പ്രസംഗിച്ചു. രാജൻ. പി. ഏബ്രഹാം സ്വാഗതവും തങ്കമ്മ ഏബ്രഹാം നന്ദിയും പറഞ്ഞു.

## റാങ്ക് നേടി

**ചെറിയനാട് :** ദിവ്യബോധനം സർട്ടിഫിക്കറ്റ് കോഴ്സിൽ 4-ാം വിഷയത്തിൽ ചെറിയനാട് യൂണിറ്റിലെ അനീഷ് മാത്യു തോമസ് ഒന്നാം റാങ്കും മോളി ജേക്കബ്രണ്ടാം റാങ്കും നേടി. വികാരി ഫാ.പി.കെ കോശിയാണ് യൂണിറ്റ് അദ്ധ്യാപകൻ.

## അറിയിപ്പ്

ബഥേൽ പത്രികക്ക് വരിസംഖ്യ കുടിശിഖയുളളവർ ധാരാളമുണ്ട്. ദയവായി കുടിശിഖ തീർന്നു മാസിക പ്രവർത്തനങ്ങളെ സഹായിക്കേണം.

–പബ്ളിഷർ

## നിങ്ങൾക്കറിയാമോ ?

### I.N.R.I.

യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ എന്നർത്ഥമുള്ള Iesus Nazarenus Rex Iudeorum എന്ന ലത്തീൻ വാചകത്തിന്റെ ചുരുക്കെഴുത്താണിത്. യേശൂസ് നസറെനൂസ് റെക്സ് യൂദയോരും എന്നാണ് അത് മലയാളത്തിൽ വായിക്കേണ്ടത്. യേശുവിനെ ക്രൂശിച്ചപ്പോൾ വിധിവാചകമായി യഹൂദന്മാർ കുരിശിൽ മൂന്നു ഭാഷകളിൽ (ഗ്രീക്ക്, ഹിബ്രു, ലത്തീൻ) എഴുതിവച്ച വാചകമാണല്ലോ ഇത്. (യോഹ. 19:19–20).

## ധ്യാനയോഗം

**പുത്തൻകാവ്:** ഭദ്രാസന ധ്യാനയോഗം പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. ഫാ. തോമസ് കൊക്കാപറമ്പിൽ ധ്യാന പ്രസംഗം നടത്തി. വികാരി ഫാ. ജോൺ ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു.



Typesetting by Chilanka Graphics, Pandalam. Ph: 0473 - 452781

Regd. No. R.N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## ബാലപത്രിക

പ്രീയമുളള കൂട്ടുകാരെ,

ഏവരും വാർഷിക പരീക്ഷയുടെ തയ്യാറെടുപ്പിലാണല്ലോ ഒരു വർഷം പഠിപ്പിച്ചതിന്റെ ഫലം പുറപ്പെടുവിക്കേണ്ട സമയം !

"പറന്നുപോയ കിളിയെ പക്ഷേ വീണ്ടും പിടിച്ചിടാം

കാലമോ പോവുകിൽ പോയി - കരുതി ജോലി ചെയ്ക നീ"

കൂട്ടുകാർ പഠിച്ചിട്ടുളള പദ്യമാണ്. വളരെ അർത്ഥവത്താണ്, തൊടുത്തുവിട്ട അമ്പും ഉരുവിട്ട വാക്കുകളും തിരികെ പിടിക്കുവാൻ കഴിയാത്തവയാണ്. അതുപോലെയാണ് നാം നഷ്ടപ്പെടുത്തിയ അവസരങ്ങൾ, അവയും തിരിച്ചുവരികയില്ല, നഷ്ടപ്പെട്ടാൽ നഷ്ടപ്പെട്ടതു തന്നെ.

## ആനിജേക്കബ് ചാരുനിൽക്കുന്നതിൽ

സംസാരിക്കുമ്പോഴും പരീക്ഷയ്ക്കുവേണ്ടി പഠിക്കുമ്പോഴും ഈ കാര്യം നാം ശ്രദ്ധയോടെ അനുസ്മരിക്കേണ്ടതാണ്. മറ്റുളളവരോടു സംസാരിക്കുമ്പോൾ നമ്മുടെ മഹിമ എന്തെന്ന് മനസ്സിലാകും വിധം വിനയാന്വിതമായി സംസാരിക്കണം. മറ്റുളളവർക്ക് ദേഷ്യം തോന്നും വിധമുളള വാക്കുകൾ സംസാരിക്കരുത്. അതോടൊപ്പം ഉളള കഴിവിന്റെ പരമാവധി പഠിക്കുവാൻ ഉപയോഗിക്കണം. ഒരു വർഷം മുഴുവൻ പഠിക്കാതെ നടന്നിട്ടുളളവർക്ക് വിട്ടുപോയ കാലത്തെ ഓർത്ത് വിഷമിക്കേണ്ടി വരും. സമയം ശരിയായി വിനിയോഗിച്ചിട്ടുളളവർക്ക് പരീക്ഷ കാലയളവ് ഉത്സവം പോലെയാണ്. കൂട്ടുകാർ ദൈവാശ്രയത്തിൽ, സ്വയമേ ദൈവതിരുമുമ്പാകെ സമർപ്പിച്ചു കൊണ്ട് പരീക്ഷയ്ക്കു വേണ്ടി പുറപ്പെടുക. നല്ല ഫലം നിശ്ചയമായും ലഭിക്കും.

വിജയാംശസകളോടെ, ആനിചേച്ചി.

Printed and Published by Fr. P.G. George
on behalf of H.G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P.G. George